**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3053

07/02/2018 -ൽ മറുപടിയ്ക്ക്

## നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി.കെ.ശശി | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഉന്നത വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ റിപ്പോർട്ട പ്രകാരമുള്ള കണ്ടെത്തലുകളും ആയതിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങൾ എന്തെല്ലാമെന്നും യൂണിവേഴ്സിറ്റികൾ തിരിച്ച് വിശദാംശം വ്യക്തമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ റിപ്പോർട്ട് പ്രകാരമുള്ള കണ്ടെത്തലുകളും ആയതിന്മേൽ സ്വീകരിക്കേണ്ട നടപടികളും യൂണിവേഴ്സിറ്റികൾ തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉറപ്പാക്കാനും അറിവുൽപ്പാദനത്തിലും വിതരണത്തിലും കാലോചിതമായ പുതുക്കലുകൾ ഉറപ്പവരുത്താനുമായി എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉറപ്പാക്കാൻ യു.ജി.സി. നിർദ്ദേശങ്ങളും നിബന്ധനകളും പാലിച്ചു വരുന്നു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി 2017-18 സാമ്പത്തിക വർഷത്തിൽ 12190 ലക്ഷം രൂപ 36 സ്കീമുകളിലായി കേരളത്തിലെ വിവിധ സർക്കാർ കോളേജുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് ആവശ്യമായ തുകകളുടെ പ്രൊപ്പോസലുകളും നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി മുഖേന ഇൻഫ്രാസ്ട്രക്ച്ചർ ആൻറ് അക്കാഡമിക് ഡെവലപ്മെന്റിനു വേണ്ടി ഫണ്ട് ലഭിക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

എ.പി.ജെ.അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, ദ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നിവിടങ്ങളിൽ NAAC പരിശോധന നടത്തിയിട്ടില്ല. മറ്റു സർവ്വകലാശാലകളിൽ NAAC നടത്തിയ പരിശോധനയിലെ കണ്ടെത്തലുകളും അതിന്മേൽ സ്വീകരിച്ച നടപടികളും ചുവടെ ചേർത്തിരിക്കുന്നു.

### UNIVERSITY OF KERALA: EXTRACTS FROM NAAC EXIT REPORT, JANUARY 17, 2015

## Overall Analysis

**Institutional Strengths** : Qualified and competent faculty; A good demand for almost all courses; Centre for International Aademics attracts foreign students ; A strong support base for promoting cultural and sports activities; International Centre for Kerala Studies is vibrant; Good Infrastructure.

**Institutional Weakness** : A large number of guest/contract teaching and nonteaching staff; Many departments without professors and a couple of departments with a single faculty; Coordination between University and their outstation Centres is weak; Lack of University Industry interaction; Lack of formal mentoring and counselling systems; University does not have adequate clarify with regard to Choice-Based Credit System.

**Institutional Opportunities** : Scope for promotion of value-based education,; Transparency and performance enhancement through ERP; Incentivizing achievers for better productivity; Scope for producing outstanding sports persons; Scope for mobilization of funds.

**Institutional Challenges:** Filling up vacant posts and addressing the issue of large number of guest/contract faculty; Raising adequate funds through consultancy and MoUs; Tapping into the resources of well-placed alumni; streamlining the fairly large number of centres; Exploring the possibility of becoming a University with Potential for Excellence; Attracting faculty at the national level.

## Recommendations for Quality Enhancement of the Institution

Take steps to fill up the vacancies
Establsh central instrumentation facilities with state-of-the art technology
E-governance could be further strengthened and moved towards paperless administration
Timely declaration of result and strict adherence to academic calendar
Go in for a better placement mechanism
Core faculty to enhance to teaching-learning resources in outstation centres
Make the campus differently-abled friendly
Strengthen mentoring and counselling systems.
Go in for more MoUs at national and international levels.
Design courses with strong industrial linkages for providing employment opportunities to students.
Strengthen research culture in University departments and especially in the affiliated colleges.
Encourage teachers to go for PDF and undertake sponsored research projects.
Encourage teachers to innovate and apply for patents
Introduce more inter-and multi- disciplinary courses
Activate and energize Alumni Association
Institutionalize grievance redressal and feedback mechanism
Arrange for more lectures by eminent academicians drawn from all over the country.

## കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാലയുടെ പ്രഥമ NAAC അക്രെഡിറ്റേഷൻ പ്രക്രിയകൾ പൂർത്തീകരിച്ച 29/03/2016 ന് NAAC സർവ്വകലാശാലയ്ക്ക് 'ബി' ഗ്രേഡ് നൽകിയിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിലുള്ള കണ്ടെത്തലുകളുടെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ പരിഹാര നടപടികൾ നടത്തി വരികയും, അതിൻ പ്രകാരം പ്രഥമ അക്രെഡിറ്റേഷനു ശേഷമുള്ള ആദ്യത്തെ AQAR (Annual Quality Assurance Report) 2017 ഏപ്രിൽ മാസം 28 ന് NAAC ന് സമർപ്പിക്കുകയുണ്ടായി. സർവ്വകലാശാലയുടെ അടുത്ത അഞ്ച് വർഷത്തേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി വിഷൻ പ്ലാൻ-2022 തയ്യാറാക്കി വരുന്നു.

## ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

നാഷണൽ അസസ്സ്മെന്റ് ആൻറ് അക്രഡിറ്റേഷൻ കൗൺസിലിന്റെ റിപ്പോർട്ട് പ്രകാരം കാലടി സംസ്കൃത സർവ്വകലാശാലയ്ക്ക് താഴെ പറയുന്ന പോരായ്മകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

- A large number of contract teachers, some working for almost a decade
- A Few centres without permanent staff members
- A few departments without Professors
- Student enrollment in quite a few PG courses is inadequate
- Inadequate infrastructure in regional campuses
- Limited e-governance

കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങളും നാഷണൽ അസസ്സ്മെന്റ് ആൻറ് അക്രഡിറ്റേഷൻ കൗൺസിൽ നൽകിയിട്ടുണ്ട്.

- University should frame necessary ordinances as required by the provisions of the University Act
- The State Government may be requested to amend the University Act to include representatives from the non-teaching staff to the Syndicate
- This being a Sanskrit University,utmost care should be taken to retain the quantum and importance of Sanskrit Studies.
- Start an Intrnational Centre for "Shankara Studies" and also establish a chair in the same field through PPP mode.
- Recognize Faculties and rationalize distribution of staff among various faculties and departments as per workload.
- Being a Sanskrit University, examinations for sanskrit subjects may be conducted in Sanskrit.
- Set up a Women's Studies with UGC Assistance.
- Both subject and field experts from related fields need to be invited to respective departments for interaction and placement

- Strengthen and revamp regional campuses in terms of staff strength and infrastructure facilities.
- Set up deartmental libraries and develop a mechanism for networking and intercampus book lending.
- Books for library should be bought throughout the year.
- Enroll more students especially at the PG level
- Make the entire campus Wi-Fi enabled and encourge and orient staff to use ICT and other eductional technologies and e-resources for teaching and learning
- Launch Job-oriented Diploma/Certificate add-on courses, including foreign language
- Campus interviews/Placement drives need to be introduced
- Introduce mentoring system and strengthen the centre for counseling
- Renovate and furnish existing girls' hostels and also establish new girls' hostels to avoid congestion.

നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ റിപ്പോർട്ട് പ്രകാരം ചൂണ്ടിക്കാട്ടിയിട്ടുള്ള പോരായ്മകളിൽ നടപടി കൈകൊണ്ട തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

- അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- റീജണൽ സെന്ററുകൾ പുതിയ കെട്ടിട നിർമ്മാണം , ആവശ്യമായ സൗകര്യങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.
- സർവ്വകലാശാലതലത്തിൽ ഇ ഗവേണൻസ് നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- സർവ്വകലാശാലയിൽ ശങ്കരാചാര്യരുടെ പേരിൽ അന്താരാഷ്ട്ര പഠനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.
- സർവ്വകലാശാലയിൽ ഈ അദ്ധ്യയന വർഷം മുതൽ ബിരുദാനന്തര കോഴ്സുകൾക്ക് 10% സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.
- ക്യാമ്പസ് മുഴവൻ വൈഫൈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- പഞ്ച കർമ്മ ആന്റ് ഇന്റർനാഷണൽ സ്പാ തെറാപ്പിയിൽ ഡിപ്ലോമാ കോഴ്സ് സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്
- സർവ്വകലാശാലയും സർക്കാറിന്റെ തൊഴിൽ വകപ്പും സംയുക്തമായി ജോബ് ഫെയർ സംഘടിപ്പിച്ചു.
- കൂടുതൽ വിദ്യാർത്ഥിനികൾക്ക് താമസസൗകര്യത്തിനായി കൂടുതൽ മുറികളും സൗകര്യങ്ങളും ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

## <u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

### <u>NACCയുടെ പരിശോധന റിപ്പോർട്ട് പ്രകാരം കണ്ടെത്തിയ പോരായ്മകൾ</u>

1. പി.എച്ച്.ഡി പ്രോഗ്രാമുകളിലേക്ക് അഡ്മിഷനുമായി ബന്ധപ്പെട്ട് യു.ജി.സി നിബന്ധനകൾ പൂർണ്ണമായി നടപ്പിലാക്കേണ്ടതുണ്ട്
2. ലാറ്ററൽ മൊബിലിറ്റി പരിമിതമാണ്.
3. സി.ബി.സി.എസ്, പി.ജി തലത്തിൽ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കിയിട്ടില്ല.
4. വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന ഫീഡ്ബാക്കുകൾ വിശകലനം ചെയ്യുന്നില്ല
5. ഡിപ്പാർട്ട്മെന്റുകൾക്കിടയിൽ ഫീഡ്ബാക്ക് ശേഖരണരീതി ഏകീകൃതമല്ല

6. ഡിഫറന്റ്ലി ഏബിൾഡ് ആയ വിദ്യാർത്ഥികൾക്ക വേണ്ടിയുള്ള സൗകര്യങ്ങൾ പര്യാപ്തമല്ല
7. ചില കോഴ്സുകളുടെ ടീച്ചിംങ് ലാബുകൾ ആധുനികവൽക്കരിക്കേണ്ടതും കൂടുതൽ ഉപകരണങ്ങൾ കൊണ്ടു സജ്ജീകരിക്കേണ്ടതുമാണ്.
8. നിരൂപണാധിഷ്ഠിത ചിന്ത പരിശോധിക്കുന്നതിനുള്ള ചോദ്യപേപ്പറുകൾ രൂപ കൽപ്പന ചെയ്തിട്ടില്ല
9 ഡിപ്പാർട്ടുമെന്റുകൾക്കും റിസേർച്ചേഴ്സിനും ഇടയിൽ ഇന്റർ ഡിസിപ്ലിനറി റിസേർച്ച് പര്യാപ്തമായി നടക്കുന്നില്ല.
10 പി.എച്ച്.ഡി സ്റ്റുഡൻസിനു പരിമിതമായ ഫെലോഷിപ്പുകൾ മാത്രമേ യൂണിവേഴ്സിറ്റി ലഭ്യമാക്കുന്നുള്ളൂ
11 ഔപചാരികമായ കൺസൾട്ടൻസി പോളിസി രൂപകൽപന ചെയ്യേണ്ടതായിട്ടുണ്ട്.
12. സവിശേഷമായ കഴിവുകളുള്ളവർക്ക് സൗകര്യങ്ങൾ അപര്യാപ്തമാണ്.
13. ഹോസ്റ്റലുകളും ഏതാനും കെട്ടിടങ്ങളും വേണ്ടവിധം പരിപാലിക്കപ്പെടുന്നില്ല.
14. ഔപചാരികമായ കരിയർ കൗൺസിലിംങ് ക്യാമ്പസിൽ ശക്തിപ്പെടുത്തേണ്ടതാണ്.
15. പ്ലാനിംഗ് ഡെവലപ്മെന്റ് സപ്പോർട്ട് സർവ്വീസുകൾക്ക വേണ്ടി വിദ്യാർത്ഥികളുടെ ഫീഡ്ബാക്ക് ലഭ്യമല്ല.
16. ഫാക്കൽറ്റി അംഗങ്ങളെ വിലയിരുത്തുന്നതിനും അവരുടെ അക്കാദമികമായ പ്രകടനം പുനപരിശോധിക്കുന്നതിനും നടപടി എടുക്കേണ്ടതാണ്.
17. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിവിധ തരത്തിൽ പങ്കാളികളാകുന്നവരുടെ ഫീഡ്ബാക്കുകൾ വിശകലനം ചെയ്യേണ്ടതാണ്.
18. ഗുണനിലവാരം നിലനിർത്തുന്നതിനായുള്ള ഐ.ക്യൂ.എ.സി.ചലനാത്മകമല്ല
19. അദ്ധ്യാപകരുടെ എണ്ണത്തിലുള്ള അപര്യാപ്തതയും സ്ഥാനങ്ങളിൽ നിലവിലുള്ള ഒഴിവുകളും നികത്തേണ്ടതാണ്.
20. കൺസൾട്ടൻസികളിലൂടെയുള്ള റിസോഴ്സ് മൊബിലൈസേഷൻ അപര്യാപ്തം
21. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുള്ള ശേഷിക്കുറവ്
22. അക്കാദമിക ഫ്ലെക്സിബിലിറ്റി പരിമിതം .

**NAAC ശിപാർശകൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.**

1 അദ്ധ്യാപകരുടെ ഒഴിവുകൾ മുൻഗണനാടിസ്ഥാനത്തിൽ നികത്തുക
2. ഗണിതശാസ്ത്രം, ലിംഗ്വിസ്റ്റിക് സ് എന്നിവയ്ക്ക് സ്കൂളുകൾ സ്ഥാപിക്കുക
3. ഹോസ്റ്റലുകളിലേയും മറ്റു സ്ഥലങ്ങളിലേയും അടിസ്ഥാന സൗകര്യവികസനം ആധുനികവത്കരിച്ച നടപ്പിൽ വരുത്തുക
4. കേന്ദ്ര ലൈബ്രറിയിലേക്ക് കൂടുതൽ റെഫറൻസ് ഗ്രന്ഥങ്ങൾ ശേഖരിക്കുകയും കൂടുതൽ പ്രവർത്തനകേന്ദ്രങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
5. കൺസൾട്ടൻസി സംബന്ധമായ സ്ഥാപനത്തിന്റെ നയം നടപ്പിൽ വരുത്തുക
6. സോഫ്റ്റ്സ്കിൽ, ആശയവിനിമയശേഷി ഇവ പകർന്നു നൽകുന്നതിനുതകും വിധത്തിൽ പാഠ്യപദ്ധതിയിൽ ICT ഉൾക്കൊള്ളിക്കുക
7. പ്ലേസ്മെന്റ് സെൽ ശക്തിപ്പെടുത്തുക
8. വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി യൂണിവേഴ്സിറ്റി ഇൻഡസ്ട്രി ഇന്ററാക്ഷൻ സെൽ സ്ഥാപിക്കുക
9. സ്പോർട്സ് സൗകര്യങ്ങൾ പുരോഗമിപ്പിക്കുക
10 കൗമാരപ്രായക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൗൺസലിംഗ് സൗകര്യം ലഭ്യമാക്കുക
11. വിമെൻസ് സ്റ്റഡിസെന്റർ ആരംഭിക്കുക
12. ഏകീകൃത ഘടനയുള്ള ഫീഡ്ബാക്ക്/വിശകലനരീതി നടപ്പാക്കുക.
13. ഡിഫറന്റ്ലി ഏബിൾഡ് ഫ്രണ്ട് ലി ക്ലാസ്സ് റൂം സൗകര്യങ്ങൾ ലഭ്യമാക്കുക.
14. കരിയർ അഡ്വാൻസ് മെന്റ് സ്കീം ശരിയായ രീതിയിൽ നടപ്പിൽ വരുത്തുക.

## കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

1. സ്ഥിരം അദ്ധ്യാപകരുടെ കുറവ് പരിഹരിക്കൽ.
2. പരീക്ഷ ഫലപ്രഖ്യാപനത്തിലെ കാലതാമസം ഒഴിവാക്കുക
3. കുട്ടികളുടെയും അദ്ധ്യാപകരുടെയും താമസ സൗകര്യ വികസനം

ഈ കുറവുകൾ പരിഹരിക്കാനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു.

## കാലിക്കറ്റ് സർവ്വകലാശാല

2016 ജൂലായ് 27-30 തീയതികളിൽ കാലിക്കറ്റ് സർവ്വകലാശാല സന്ദർശിച്ച് നാക് ടീം സമർപ്പിച്ച റിപ്പോർട്ടിൽ നിർദ്ദേശിച്ചിരിക്കുന്ന കണ്ടെത്തലുകളും ആയതിന്മേൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളും താഴെ കൊടുക്കുന്നു

- 40% വരുന്ന അദ്ധ്യാപക തസ്തികളിലെ ഒഴിവുകൾ എത്രയും പെട്ടെന്ന് വേണ്ട പരിഗണന കൊടുത്തു നികത്തുവാനുള്ള നടപടി കൈക്കൊള്ളുക
- യു.ജി.സി നിർദ്ദേശിച്ചിരിക്കുന്ന മാതൃകയിൽ സി.ബി.സി.എസ് (CBCS) പാഠ്യപദ്ധതി ശക്തിപ്പെടുത്തുകയും സർവ്വകലാശാല പഠന വകുപ്പുകളും പുറമെയുള്ള സ്ഥാപനങ്ങളും തമ്മിലുള്ള ക്രെഡിറ്റ് കൈമാറ്റം ചെയ്യുവാനുള്ള ചലന സ്വാതന്ത്ര്യം സാധ്യമാക്കുവാൻ ഉതകുന്ന രീതി അവലംബിക്കുകയും ചെയ്യുക
- NMEICT/NPTEL/CEC മുതലായവ വഴിയും വെബ് വഴിയും ലഭ്യമാകുന്ന ICT based blended learning സംവിധാനങ്ങൾ സർവ്വകലാശാല പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക
- ഫണ്ട് അധിഷ്ഠിത റിസർച്ച് പ്രോജക്ടുകളുടെ എണ്ണം വർദ്ധിപ്പിക്കാനും അന്താരാഷ്ട്ര സഹപ്രവർത്തനം (കൊളാബറേഷൻ) മെച്ചപ്പെടുത്തുവാനുള്ള തീവ്ര യത്ന നടപടികൾ സ്വീകരിക്കുക
- തൃശ്ശൂരും വയനാട്ടും ലക്ഷദ്വീപിലുമുള്ള ക്യാമ്പസുകളുടെ ഫാക്കൽറ്റിയും മറ്റു അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
- മാനേജ്മെന്റ് പഠനത്തിന് വേണ്ടി ഒരു പ്രത്യേക സ്കൂൾ ഉണ്ടാക്കുകയും വിവിധ മാനേജ്മെന്റ് കോഴ്സുകൾ അതിനു കീഴിൽ കൊണ്ടു വരികയും ചെയ്യുക.
- വിദഗ്ധരെയും പരിശീലനം ലഭിച്ചവരെയും ഉൾപ്പെടുത്തി പ്ലേസ്മെന്റ് സെൽ കാര്യക്ഷമമാക്കുക.
- അക്കാദമിക ബോർഡുകളിൽ വിദ്യാർത്ഥി പ്രാതിനിധ്യം ശക്തിപ്പെടുത്തുക.
- ഇൻഡസ്ട്രി -ഇൻസ്റ്റിറ്റ്യൂട്ട് ബന്ധം ശക്തിപ്പെടുത്തുക.
- ഐ.ക്യു.എ.സി വിഭാഗത്തിൽ ഓട്ടോമേഷൻ നടപ്പിലാക്കുകയും അതിലൂടെ അതിനെ സർവ്വകലാശാല തലത്തിലുള്ള ഡോക്യുമെന്റേഷൻ സെന്റർ (Documentation Centre) പദവിയിലേക്ക് ഉയർത്തുകയും ചെയ്യുക.

പ്രസ്തുത കണ്ടെത്തലുകളിലെ പോരായ്മകൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ